**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 789** **17-09-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ സഹകരണ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ. മഞ്ഞളാംകുഴി അലി , ഡോ. എം. കെ. മുനീർ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ പുതിയ സഹകരണ നയം സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ "സ്റ്റേറ്റ് ലിസ്റ്റിന്റെ" പരിധിയിലെ 32-ാം ഇനമായി പറഞ്ഞിട്ടുള്ള "സഹകരണം" എന്നത് തീർത്തും സംസ്ഥാന വിഷയമാണ്. പ്രസ്തുത വിഷയത്തിൽ നിയമനിർമ്മാണം നടത്താനും അതിൻ പ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യാനുമുള്ള സംസ്ഥാനത്തിന്റെ അധികാരം കവർന്നെടുക്കുന്നതാണ് പുതിയ സഹകരണ നയം. പ്രസ്തുത സംസ്ഥാന വിഷയത്തിൽ കേന്ദ്രസർക്കാർ നയം നിശ്ചയിക്കുന്നത് ഭരണഘടനാ വിരുദ്ധവും എതിർക്കപ്പെടേണ്ടതുമാണ്. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്ത്വമായ "സ്വയംഭരണം" എന്നത് സംസ്ഥാന സർക്കാരിനുപോലും കേന്ദ്രീകൃത സംവിധാനം വഴി നിർദ്ദേശങ്ങൾ നൽകാൻ കഴിയാത്ത രീതിയിലാണ് സഹകരണ പ്രസ്ഥാനം രൂപപ്പെടുത്തിയിട്ടുള്ളതും അവയുടെ പ്രവർത്തനം ക്രമീകരിക്കപ്പെട്ടിട്ടുള്ളതും. സംസ്ഥാന സർക്കാരിന് "രജിസ്ട്രാർ" എന്ന ഭരണ സംവിധാനം വഴി 1969-ലെ കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും സമാപ്തീകരണവും മറ്റു നിയമപരമായ നിയന്ത്രണങ്ങളുമൊഴികെയുള്ള പ്രവർത്തനങ്ങളിൽ ഇടപെടാനാകാത്ത സാഹചര്യത്തിൽ സംഘങ്ങളുടെ പ്രവർത്തനങ്ങളും ഭരണവും കേന്ദ്രീകൃതമായി നിയന്ത്രിക്കുന്നതിന് വഴിമരുന്നിടുന്നതാണ് കേന്ദ്ര സഹകരണ നയം.<br><br>സംസ്ഥാനത്ത് 18136 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജനാധിപത്യപരമായും സഹകരണ തത്ത്വങ്ങളെ മുറിവേൽപ്പിക്കാതെയും 2018-ൽ 8-ാമത് സഹകരണ കോൺഗ്രസ്സ് അംഗീകരിച്ച ഒരു സഹകരണ നയം സംസ്ഥാനത്ത് |

നിലവിലുണ്ട്. സഹകരണ പ്രസ്ഥാനങ്ങളുടെ അന്തസ്സും സ്വയം ഭരണ സംവിധാനവും ശക്തിപ്പെടുത്തുന്ന രീതിയിലുള്ള ഒരു നയരേഖയായാണ് സംസ്ഥാന സർക്കാർ സഹകരണ നയം പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത നയസമീപനം സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ നടത്തിവരുന്ന വിവിധോദ്ദേശ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും ഭരണഘടനയിൽ അധിഷ്ഠിതമായ ജനാധിപത്യവും, സോഷ്യലിസവും, ഫെഡറലിസവും സംരക്ഷിക്കുന്നതുമാണ്.

നിലവിൽ സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ ഇല്ലാത്ത ഏതെങ്കിലും പ്രദേശമോ, മേഖലയോ കാണുവാൻ കഴിയില്ല. സ്ത്രീകൾക്കും, സ്കൂൾകുട്ടികൾക്കും, യുവാക്കൾക്കും, മറ്റുള്ളവർക്കും പ്രാപ്തമായ വിവിധങ്ങളായ സാമ്പത്തിക സഹായങ്ങളും, സേവനങ്ങളും സഹകരണ മേഖല വഴി നൽകുവാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്.

ജനനം മുതൽ മരണം വരെ ഒരു പൗരനെ നേരിട്ടും അല്ലാതെയും സേവനപരവും, സാമ്പത്തികപരവുമായ സഹായങ്ങൾ വിപുലമായ സഹകരണ പ്രസ്ഥാന ശൃഖലയിൽ ഇതിനോടകംതന്നെ കേരളം നൽകി വരുകയാണ്. കേന്ദ്ര സഹകരണ നയത്തിലൂടെ ഭാവിയിൽ വിഭാവനം ചെയ്യുവാൻ കഴിയുന്നതിലേറെ വിവിധങ്ങളായ പ്രവർത്തനങ്ങൾ കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇതിനോടകം തന്നെ പ്രാവർത്തികമാക്കി വിജയിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ തന്നെ ഈ കേന്ദ്ര സഹകരണനയം യാതൊരു കാരണവശാലും സംസ്ഥാനത്തിന് അനുയോജ്യമല്ലായെന്നത് കേന്ദ്രനയത്തിലെ 3 മുതൽ 8 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

കേരളത്തിൽ പരീക്ഷിച്ച് പരാജയപ്പെട്ട ത്രിതല ബാങ്കിംഗ് സംവിധാനം കേന്ദ്രനയത്തിന്റെ ഭാഗമാണെന്നത് കേരളത്തിലെ സഹകരണ മേഖലയേയും സംസ്ഥാന നയത്തിനേയും വെല്ലുവിളിക്കുന്നതാണ്.

2023-ലെ Digital Personal Data Protection Act-ന് വിരുദ്ധമായ നിർദ്ദേശങ്ങളും കേന്ദ്ര സഹകരണ നയം മുന്നോട്ട് വയ്ക്കുന്നു. Common Software, National Co-operative Database എന്നിവ നിയമ വിരുദ്ധമാണെന്നത് മേൽ പ്രസ്താവിച്ച നിയമത്തിന്റെ

| | | | |
|---|---|---|---|
| | | | പരിധിയിൽ നിന്നും പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്.<br><br>NCDC, NABARD പദ്ധതികളിലും കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളുടെയും നിർവ്വഹണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഉദ്യോഗസ്ഥ നിയന്ത്രണത്തിലുള്ള SCDC, DCDC എന്നിവ രൂപീകരിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തി സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ന്യായമായ സഹായങ്ങളെ ഒരു വിലപേശലിന് വിധേയമാക്കുന്നത് ഫെഡറൽ സംവിധാനങ്ങൾക്കും സഹകരണ നയങ്ങൾക്കും വിരുദ്ധമാണ്.<br><br>NCDC, NABARD എന്നിവ വഴി ലഭിച്ചുവരുന്ന നാമമാത്രമായ സഹായങ്ങൾക്കാണ് മേൽപ്പറഞ്ഞ വ്യവസ്ഥകൾ മുന്നോട്ടുവയ്ക്കുന്നത്. |
| (ബി) | സഹകരണ സംഘങ്ങളുടെ ഡേറ്റാ ബേസ് ഉണ്ടാക്കി ദേശീയ സഹകരണ ഡേറ്റാ ബേസുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ ഉദ്ദേശ്യമില്ല. |
| (സി) | കേന്ദ്ര നയപ്രകാരം സംസ്ഥാന സഹകരണ നിയമത്തിലും ചട്ടത്തിലും ബൈലോകളിലും ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ